(ഡി) ഉടനടി അവരുടെ അലവൻസ് അനുവദിച്ചുകൊടുക്കാൻ യെവുണ്ടാകുമോ ?

ഉത്തരം.

(എ) ഇല്ല. എന്നാൽ ടി ആശുപത്രിയിലെ കോണ്ട്രാക്ട് വിഷ വൈദ്യനായിരുന്ന ശ്രീ. നീലകണ്ഠപ്പിള്ളയുടെ ഉദ്യോഗകാലാവധി 16.10-1954-ൽ അവസാനിക്കുകയാൽ പകരം ഒരു വിഷവൈദ്യനെ നിയമിക്കുന്നതുവരെ പ്രസ്തുത ആശുപത്രിയിലെ വൈദ്യനെ വിഷചികിത്സയിൽ സഹായിക്കുന്നതിന് തിരുവല്ലായിൽ കാവുംഭാഗത്തു് ഗ്രാൻഡ് ഇൻ എയിഡ് വിഷവൈദ്യയായ ശ്രീമതി പാറുക്കുട്ടിഅമ്മയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ നിർദ്ദേശമനുസരിച്ച് ശ്രീമതി പാറുക്കുട്ടി അമ്മ 13-12-1954 മുതൽ തിരുവല്ലാ ആശുപത്രിയിൽ സേവനം നടത്തുന്നുണ്ട്.

(സി) അവർക്ക് കൊടുത്തുകൊണ്ടിരുന്ന ഗ്രാൻറ് തുകയായ 20 രൂപ പ്രതിമാസം ഇപ്പോഴും തുടർന്നു കൊടുത്തുകൊണ്ടിരിക്കുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പാൽപ്പൊടി, അരി വിതരണം.

71. [30] ശ്രീ. എം. എം മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്കഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ നിന്നും എത്ര കേന്ദ്രങ്ങളിൽ കുട്ടികൾക്കായി പാൽപ്പൊടിയും, അരിയും വിതരണം ചെയ്യുന്നുണ്ട് ;

(ബി) എവിടെയെല്ലാം ;

(സി) ഈ കേന്ദ്രങ്ങളിലെല്ലാം അരിയും, പാൽപ്പൊടിയും ശരിക്കു വിതരണം ചെയ്യുന്നുണ്ടോ ;

(ഡി) വല്ലയിടത്തുനിന്നും വിതരണത്തെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ വിതരണത്തിൻറെ മേൽനോട്ടം, പരിശോധന ഇവ ആർക്കാണ് ;

(എഫ്) പാൽപ്പൊടിയുടെയും, അരിയുടെയും വിതരണം പഞ്ചായത്തുകൾമൂലം നടത്തുന്നതു് ഏറ്റവും കാര്യക്ഷമമായിരിക്കുകയില്ല ; അതുപ്പറ്റി ഗവൺമെൻറ് ആലോചിക്കുമോ ?

ഉത്തരം

(എ) പാൽവിതരണകേന്ദ്രം 674. അരിവിതരണ കേന്ദ്രം 558.

(ബി) തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ ഡിസ്ട്രിക്റ്റുകളിലും, കൂടുതലായി തീരപ്രദേശങ്ങളിലും പ്രവർത്തനം നടത്തുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. നീരാവിൽ സഹോദരസേവാസമിതിയെപ്പറ്റി കിട്ടിയ പരാതി അടിസ്ഥാനരഹിതമെന്ന് മനസ്സിലായി. വേറൊരു പരാതി ചേന്നമംഗലത്തെ ഈഴവോദയസംഘത്തെപ്പറ്റിയാണ്. ഇതു പോലീസന്വേഷണത്തിലിരിക്കുകയാണ്.

(ഇ) മിക്ക് കൻറീൻ കൺവീനറും, അസിസ്റ്റൻറ് കൺവീനറും പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലെ മറ്റുദ്യോഗസ്ഥന്മാരുമാണ് ഇവിടെ മേൽനോട്ടവും, പരിശോധനയും നിർവഹിക്കുന്നത്.

(എഫ്) പഞ്ചായത്തുകൾമൂലം നടത്തുന്നതുകൊണ്ട് കൂടുതൽ കാര്യക്ഷമത ഉണ്ടാകുവാൻ സാദ്ധ്യതയില്ലെന്നാണ് ഗവൺമെൻറിൻറെ വിശ്വാസം.

പുറമറ്റം ഡിസ്പെൻസറി.

72. [31] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമറ്റം ഡിസ്പെൻസറിയുടെ അനുവാദം നീട്ടിക്കൊടുക്കണമെന്നു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു കൊല്ലത്തേയ്ക്കുകൂടി അനുവാദം നീട്ടിക്കൊടുക്കാൻ ഭയവുണ്ടാകുമോ?

ഉത്തരം.

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഈ കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

ആശുപത്രി വളപ്പിൽ കിടന്ന കുട്ടിയുടെ ശരീരം.

73. [32] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡിസ്ട്രിക്റ്റ് ആശുപത്രി വളപ്പിൽ ജൂൺ മാസത്തിൽ ഒരു കുട്ടിയുടെ പകുതി ശരീരം മുറിക്കപ്പെട്ട രീതിയിൽ കാണുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇതു് എങ്ങനെ സംഭവിച്ചതാണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

Colachel Hospital.

74. [33] SHRI T. T. DANIEL: Will the Minister for Health be pleased to state:

(a) what is the total number of patients who were treated in Colachel Hospital in the year 1954 April to 1955 April;

LIBRARY ARCHIVES Kerala Legislative Assembly